# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്

## ആറ്റുകാൽ, തിരുവനന്തപുരം

നമ്പർ ...062/2021/എബിറ്റിറ്റി/ 1470 തീയതി : 19.11.201

## ക്വട്ടേഷൻ പരസ്യം

വിഷയം: 2022–ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ദേവി ആഡിറ്റോറിയത്തിൽ വച്ച് മെസ്സ് നടത്തുന്നതിനുള്ള ഭക്ഷണസാധനങ്ങൾ പാചകം ചെയ്യുന്നതു സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിലെ 2022–ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഫെബ്രുവരി മാസം 9–ാം തീയതി മുതൽ 18–ാം തീയതി വരെയുള്ള ദിവസങ്ങളിൽ ഭക്ഷണം പാചകം ചെയ്യുന്നതിന് മുൻപരിചയമുള്ള പാചകക്കാരിൽ നിന്നും മുദ്രവച്ച മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 2022 ഫെബ്രുവരി 9–ാം തീയതി മുതൽ 18–ാം തീയതി വരെ ഉച്ചയ്ക്ക് 12 മണി മുതലും, ഫെബ്രുവരി 17–ാം തീയതി രാത്രിയിലും മെസ്സിലേയ്ക്ക് വേണ്ടി 100 കിലോഗ്രാം അരിയുടെ ചോറും അതിലേയ്ക്കാവശ്യമായ കറികളും (പരിപ്പ്, സാമ്പാർ, വറുത്തെരുശ്ശേരി, അവിയൽ, തോരൻ, തീയൽ, കിച്ചടി, അച്ചാർ, രസം, മോര്, പുളിശ്ശേരി, തൊട്ടു കറി, പർപ്പടകം മുതലായവ), കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി.

2. മേൽ പറഞ്ഞിരിക്കുന്നതായ ഭക്ഷണത്തിന് ആവശ്യമായ പായസം കൂടി പാചകം ചെയ്യുന്നതിനുള്ള കൂലി (ഊണ് ഉൾപ്പടെ) ക്വട്ടേഷനിൽ രേഖപ്പെടുത്തണം.

3. 2022 ഫെബ്രുവരി 9–ാം തീയതി മുതൽ 18–ാം തീയതി വരെ രാവിലെയും, ഫെബ്രുവരി 09–ാം തീയതി മുതൽ 16–ാം തീയതി വരെ രാത്രിയിലും കാപ്പി സദ്യ നടത്തുന്നതിന് വേണ്ടി ഓരോ ദിവസവും ഒരു നേരത്തേയ്ക്ക് 10 കിലോഗ്രാം അരിയും, അതിനാവശ്യമായ ഉഴുന്നും കൂട്ടിച്ചേർത്ത് ആട്ടി കിട്ടുന്ന മാവിന്റെ ദോശ/ഇഡ്ഡലി, 10 കിലോഗ്രാം മാവിന്റെ അപ്പം/ഇടിയപ്പം/ചപ്പാത്തി/ ബറോട്ട/പൂരി/വീശപ്പം/ഊത്തപ്പം/ പുലാവ്/ഉപ്പുമാവ് (ബോംബെ റവ) ഇതിനാവശ്യമായ കറി, ചായ, കാപ്പി, കരിങ്ങാലി വെള്ളം എന്നിവ പാചകം ചെയ്യുന്നതിനുള്ള കൂലി.

4. 2022 ഫെബ്രുവരി 09–ാം തീയതി മുതൽ 16 –ാം തീയതി വരെ വൈകുന്നേരം 4.00 മണി മുതൽ ചായയും, കാപ്പിയും അതിന്റെ കൂടെ എണ്ണ പലഹാരങ്ങൾ കൂടി കൊടുക്കുന്നതിലേയ്ക്കായി 10 കിലോഗ്രാം വടപ്പരിപ്പ്/ ഉഴുന്ന്/പയർ/ വാഴയ്ക്ക/ഏത്തപ്പഴം/സവാള/ ഉരുളക്കിഴങ്ങ്/തൊണ്ടൻമുളക്/കത്തിരിക്ക/ഗോതമ്പുമാവ് എന്നിവയ്ക്ക് ആവശ്യമായ ചേരുവകൾ ചേർത്ത് പാചകം ചെയ്യുന്നതിനുള്ള കൂലി.

5. 2022 ഫെബ്രുവരി 18–ാം തീയതി രാത്രിയിൽ സ്പെഷ്യൽ കാപ്പി സദ്യ നടത്തുന്നതിനു വേണ്ടി വാങ്ങി തരുന്ന സാധനങ്ങൾ പാചകം ചെയ്യുന്നതിനുള്ള കൂലി (ഏകദേശം 250 പേർക്ക്)

പൂർണ്ണ വിവരങ്ങൾ അടങ്ങിയ ക്വട്ടേഷനുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് മുദ്രവച്ച് **29.11.2021 തിങ്കളാഴ്ച വൈകുന്നേരം 3.00 മണിക്കകം ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നു വൈകുന്നേരം 4.00 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം 5,000/- (അയ്യായിരം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി നിരതദ്രവ്യമായി അടക്കം ചെയ്തിരിക്കേണ്ടതാണ്.

ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റും **5,000/-** (അയ്യായിരം) രൂപയുടെ ഡിപ്പോസിറ്റും വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് ഭക്ഷണം പാചകം ചെയ്യുന്നതിൽ കുറഞ്ഞത് 5 വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. പാചകം നടത്തുന്നതിന് ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങിയ സർട്ടിഫിക്കറ്റ്, പാൻ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. പാചകത്തിന് നിയോഗിക്കുന്ന ആളുകൾ ശുദ്ധിയും, വൃത്തിയുമുള്ളവരും, പാചകം ചെയ്യുമ്പോൾ പുകവലിക്കുക മുറുക്കുക (വെറ്റില), മൂക്കുപൊടി വലിക്കുക, മദ്യപിക്കുക എന്നിവ കർശനമായി പാടില്ലാത്തതും പാചകം ചെയ്യുവാൻ ഉപയോഗിക്കുന്ന സാധനങ്ങൾ ദുർവിനിയോഗം ചെയ്യാൻ പാടില്ലാത്തതുമാണ്. ഭക്ഷണ സാധനങ്ങൾ രുചികരമായ രീതിയിൽ മെസ്സ് കൺവീനറുടെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും, ക്ഷേത്ര മര്യാദകളും കോവിഡ് പ്രോട്ടോകോളും പൂർണ്ണമായും പാലിക്കേണ്ടതുമാണ്. പാചകം ചെയ്യുന്നതിനു നിയോഗിക്കുന്ന ആളുകളുടെ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കവറിന് പുറത്ത് **ആഹാരം പാചകം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ക്വട്ടേഷൻ പൊട്ടിക്കുന്ന സമയത്ത് യാതൊരു മുന്നറിയിപ്പും കൂടാതെ മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷൻ നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ഓഫീസ്
3. വെബ്സൈറ്റ്

പകർപ്പ്: 1. പ്രസിഡന്റ്, എബിറ്റിറ്റി
2 ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
4. കൺവീനർ, മെസ്സ് കമ്മിറ്റി, പൊങ്കാല മഹോത്സവം-2022
5. ഫയൽ

sr